പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2822

12.10.2011 - ൽ മറുപടിയ്ക്ക്

## പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എളമരം കരീം<br>ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) ഏറ്റവും ഒടുവിൽ ഈ വർഷത്തെ പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി വിലയിരുത്തിയത് എപ്പോഴാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതിനകം പദ്ധതി വിഹിതത്തിൻെറ എത്ര ശതമാനം ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ട് ; പദ്ധതി വിഹിതത്തിലെ ഏറ്റവും കുറഞ്ഞ വിനിയോഗം ഏത് വകുപ്പിൻേറതാണ്. | എ) ഏറ്റവും ഒടുവിലായി ഈ വർഷത്തെ പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി വിലയിരുത്തിയത് 17.9.2011 - ൽ ചീഫ്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെക്രട്ടറിമാരുടെ അവലോകന യോഗത്തിലാണ്. ഈ യോഗത്തിൽ 31.8.2011 - ന് വിവിധ വകുപ്പുകൾ കൈവരിച്ച പദ്ധതി നടത്തിപ്പിലെ പുരോഗതിയാണ് അവലോകനം നടത്തിയത്. 31.8.2010 വരെയുള്ള പുരോഗതിയുമായി താരതമ്യം ചെയ്യുമ്പോൾ, 31.8.2011 - ലെ പുരോഗതി വളരെ കുറവാണെന്ന വിലയിരുത്തലുണ്ടായി. സാമ്പത്തിക വർഷം ആദ്യത്തെ ഒന്നരമാസക്കാലത്തോളം തെരഞ്ഞെടുപ്പ് ചട്ടങ്ങൾ നിലവിലിരുന്നതിനാലും പുതുക്കിയ ബജറ്റവതരണവും വോട്ട് ഓൺ അക്കൗണ്ടും മൂലം പദ്ധതി തയ്യാറാക്കുന്നതിലും പണം |

ചെലവഴിക്കുന്നതിലും ഉണ്ടായ അനിവാര്യമായ കാലതാമസവും പദ്ധതിയുടെ പുരോഗതിക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് കൂടി വിവിധ വകുപ്പുകളുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൻെറ വിശദാംശങ്ങളും 17.9.2011 - ലെ യോഗത്തിൽ വിലയിരുത്തുകയും തൃപ്തികരമാണെന്ന് രേഖപ്പെടുത്തുകയും ചെയ്തു. ഓരോ വകുപ്പ് (സെക്രട്ടേറിയറ്റ് ഭരണതലത്തിലുള്ള വകുപ്പുകൾ) 31.8.2011 വരെ ചെലവഴിച്ചതിൻെറ ശതമാനം സംബന്ധിക്കുന്ന കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ വിനിയോഗം വിവരസാങ്കേതിക വകുപ്പ്, നികുതി വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളിലാണ്.

| | | | |
|---|---|---|---|
| ബി) | പ്ലാനിംഗ് ബോർഡ് ഒടുവിൽ നടത്തിയ പദ്ധതി വിനിയോഗത്തിലെ പുരോഗതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാണോ; അതു പ്രകാരം എത്ര ശതമാനം വെച്ച് ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ട്? | ബി) | ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## Percentage of progress upto August 2011

| Sl. No. | Department | Percentage of progress as on 31.08.2011 |
|---|---|---|
| 1 | IT | 0.00 |
| 2 | Taxes | 0.00 |
| 3 | P&ARD | 0.00 |
| 4 | Law | 0.00 |
| 5 | Cooperation | 0.24 |
| 6 | Revenue | 0.42 |
| 7 | Finance | 0.78 |
| 8 | Labour | 0.79 |
| 9 | Port | 1.08 |
| 10 | Food & CS | 1.19 |
| 11 | NORKA | 1.76 |
| 12 | Transport | 2.11 |
| 13 | Home | 2.12 |
| 14 | Environment | 2.84 |
| 15 | Animal Husbandry | 2.95 |
| 16 | Legislature | 7.50 |
| 17 | Housing | 8.18 |
| 18 | Water Resources | 9.26 |
| 19 | Higher Education | 9.82 |
| 20 | Sports & YA | 11.20 |
| 21 | Industries | 11.58 |
| 22 | Cultural Affairs | 11.97 |
| 23 | Science & Technology | 12.43 |
| 24 | Forest | 12.45 |
| 25 | Health & FW | 13.46 |
| 26 | GAD | 13.64 |
| 27 | LSGD | 14.97 |
| 28 | Social Welfare | 15.38 |
| 29 | General Education | 16.79 |
| 30 | Planning | 18.54 |
| 31 | Fisheries | 18.66 |
| 32 | SC ST | 19.21 |
| 33 | Agriculture | 21.98 |
| 34 | Power | 25.16 |
| 35 | Tourism | 30.04 |
| 36 | PWD | 60.31 |
| 37 | I&PR | 64.40 |